Malayalam News
LIVE- ALL NEWS TOGETHER

# മലയാളം ന്യൂസ് ലൈവ് മാധ്യമ സിമ്പോസിയം നടത്തി.

വാഷിംഗ്ടൺ ഡി സി: വാഷിംഗ്ടൺ ഡി സി യിലെ കേരള അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ(KAGW) വെർജീനിയായിലെ ജോർജ്ജ് മാർഷൽ ഹൈസ്കൂളിൽ വച്ചു നടത്തിയ ഓണാഘോഷത്തോടനുബന്ധിച്ച്, മലയാളം ന്യൂസ് ലൈവ് ഡോട്ട് കോം നടത്തിയ സിമ്പോസിയം ജനപങ്കാളിത്തവും വ്യത്യസ്തതയും കൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ടു.

ചങ്ങനാശ്ശേരി എസ് ബി കോളേജിലെ മുൻ പ്രിൻസിപ്പാളും, വാഷിംഗ്ടൺ ഡി സി യിലെ വികാരിയുമായ റവ. ഡോ. മാത്യു പുഞ്ചയിൽ മാധ്യമ രംഗത്തു നടത്തുന്ന നൂതന മാർഗ്ഗങ്ങളെ പ്രകീർത്തിച്ചു. ഏഷ്യാനെറ്റ് യു എസ് എ യുടെ മുഖ്യ സാരഥി സുരേഷ് ബാബു ചിറയത്ത് മാധ്യമ സമൂഹത്തിന്റെ നാനാത്വത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. കംപ്യൂട്ടറിന്റേയും മൾട്ടി മീഡിയായുടേയും സഹായത്തോടു കൂടിയുള്ള തത്സമയ വിവരവും ഉപഭോക്ത പങ്കാളിത്തവും ജനശ്രദ്ധ പിടിച്ചു പറ്റി.

മലയാളം ലൈവിന്റെ പ്രായോജകൻ അജീഷ് പുന്നക്കൽ മലയാളം ന്യൂസ് ലൈവിന്റെ പ്രത്യേകതകൾ വിവരിച്ചു. അമേരിക്കൻ മലയാളിയുടെ ജീവിത ഓട്ടത്തിനിടയിൽ സ്വന്തം നാട്ടിലുള്ള വിശേഷങ്ങൾ വ്യത്യസ്ത വീക്ഷണ കോണിലൂടെ എളുപ്പത്തിൽ വായിക്കനുള്ള അവസരമാണ് മലയാളം ന്യൂസ് ലൈവ് ഡോട്ട് കോം ഒരുക്കുന്നത്. ഇത് ന്യൂസ് വിഭാഗത്തിൽ മാത്രം ഒതുക്കി നിർത്തുന്നില്ല. ഏഷ്യൻ അമേരിക്കക്കാരുടെ നിരയിൽ സാമ്പത്തിക നിലയിൽ മുന്നേറുന്ന അമേരിക്കൻ മലയാളികളെ വിവിധ തലത്തിൽ സ്വാധീനിക്കാനാണ് മലയാളം ന്യൂസ് ലൈവ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഭാഷകൾ അസ്തമിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാതൃഭാഷയുടെ ഉത്തേജനവും വളർച്ചയും പ്രത്യേക ലക്ഷ്യങ്ങളാണ്.

ചുരുങ്ങിയ കാലത്തിനുള്ളിൽ അമേരിക്കയിലെ അഞ്ചുലക്ഷത്തിൽപരം മലയാളികളുടെ അടുത്തെത്താൻ കഴിഞ്ഞ മലയാളം ന്യൂസ് ലൈവിനെ(www.malayalamnewslive.com) വിവിധ സംഘടനാനേതാക്കൾ അനുമോദിച്ചു. സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട പ്രമുഖ വ്യക്തികൾ മലയാളം ന്യൂസ് ലൈവിന്റെ സ്റ്റാൾ സന്ദർശിക്കുകയും സിമ്പോസിയത്തിൽ പങ്കെടുക്കുകയും ചെയ്തു.



മലയാളം ന്യൂസ് ലൈവ് പ്രായോജകൻ അജീഷ് പുന്നക്കൽ, റവ.ഡോ. മാത്യു പുഞ്ചയിൽ, റോയി.



സുരേഷ് രാജ്, ഫോമാ പ്രതിനിധി രാജ് കുറുപ്പ്, ഗോപിനാഥൻ




സുമേഷ് ബാബു ചിറയത്ത്-ഏഷ്യാനെറ്റ് സാരഥി



ഡോ. പാർത്ഥ സാരഥി പിള്ള, ധർമ്മ രാജൻ, അനിൽ നായർ.




പ്രേം നായർ, എം. ജി. മേനോൻ




റെജിസ്ട്രേഷൻ വിഭാഗം

**ജോയിച്ചൻ പുതുക്കുളം**